ശ്രീ. ടി. ഒ. ബാവ : 1950 മുതൽക്കു നിർമ്മിച്ചുകൊണ്ടിരുന്ന ഒരു പദ്ധതിക്കുവേണ്ടി 1947 മുതലുള്ള ജലസേചന നികുതി ഈടാക്കിവരുന്നു. റിക്കാർഡുകളിൽപോലും രണ്ടുകൊല്ലം കഴിഞ്ഞതിനുശേഷമാണു് പദ്ധതി തുടങ്ങിയതെന്നു പ്രത്യക്ഷമായി തെളിവുള്ളതുകാരണം ഈ ജലസേചനത്തിനുള്ള നികുതി ഈടാക്കുന്ന നടപടി നിറുത്തിവയ്ക്കുവാൻ ശ്രദ്ധിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഇങ്ങനെ പല കാരണങ്ങളും പറഞ്ഞും ഈ നികുതി ഈടാക്കുന്ന നടപടി നിറുത്തണമെന്നുള്ള അപേക്ഷകളും കിട്ടുന്നുണ്ടു്. ഏതെങ്കിലും ഒരിടത്തു എന്തെങ്കിലും പോരായ്മ ഉണ്ടെന്നു കാണുകയാണെങ്കിൽ അല്ലെങ്കിൽ തെറ്റായി നികുതി ഈടാക്കുന്നുവെന്നു കണ്ടാൽ, തഹശീൽദാരുടെ ദൃഷ്ടിയിൽ അതു പെടുത്തുകയാണെങ്കിൽ അദ്ദേഹം അതിന്റെ പോരായ്മയെപ്പറ്റിയും തെറ്റിനെപ്പറ്റിയും അന്വേഷിച്ചു സ്വയമേവ ഒരു തീരുമാനം എടുത്തുകൊള്ളും. ആ നടപടി ക്രമം സ്വീകരിക്കുകയല്ലാതെ പൊതുവേ ഒരു സ്റ്റേ ഈ കാര്യത്തിൽ കൊടുക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. എം. വി. വാസു : വാളയാർ ഡാമിൽ നിന്നും ഉപയോഗിക്കുന്ന വെള്ളത്തിനു നികുതി കൊടുക്കുന്നവർക്കു് വെള്ളം ആവശ്യാനുസരണം കൊടുക്കുവാൻ സാധിക്കാതെ വന്നതുകൊണ്ടു് ഈ കൊല്ലത്തെ നികുതി റദ്ദുചെയ്തു കൊടുക്കുവാൻ ഉത്തരവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസു് : അവിടത്തെ സ്ഥിതി എന്താണെന്നു് അന്വേഷിക്കാതെ പറയുവാൻ നിവൃത്തിയില്ല. ചില പ്രോജക്റ്റു പ്രദേശങ്ങളിൽ വെള്ളത്തിനു ബുദ്ധിമുട്ടു വന്നതുകൊണ്ടു് ഇടയ്ക്കു ചില സ്ഥലങ്ങളിൽ നിറുത്തിവയ്ക്കണമെന്നു നിർദ്ദേശം കൊടുത്തിരുന്നു. പെട്ടെന്നു മഴ പെയ്തതുകൊണ്ടു വെള്ളം ആവശ്യാനുസരണം കൊടുക്കുവാൻ സാധിച്ചുവെന്നാണു് അറിയുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : വാളയാർ ഡാമിന്റെ വെള്ളം കിട്ടിക്കൊണ്ടിരുന്ന പ്രദേശങ്ങളിലെ കൃഷി വെള്ളമില്ലാത്തതുകാരണം പൂർണ്ണമായി നശിച്ചുപോയി എന്നു വില്ലേജു് അധികൃതർ രേഖപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെയുള്ള പ്രദേശങ്ങളിലെ നികുതിയെങ്കിലും ഉപേക്ഷിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസു് : വില്ലേജു അധികൃതരല്ല ഇതിൽ അവസാന തീരുമാനം ചെയ്യേണ്ടതു്. കുറച്ചുകൂടി മുകളിലുള്ള ആളുകളാണു്. ഏതായാലും വെള്ളം കിട്ടാത്ത സ്ഥലത്തുനിന്നും ജലസേചന നികുതി ഈടാക്കുകയില്ല.

കുളത്തുപ്പുഴ റോസ്മല എസ്റ്റേറ്റു്

* 354. [12] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ റോസ്മല എസ്റ്റേറ്റു് എത്ര ഏക്കർ ഭൂമിയാണു് ;

(ബി) പ്രസ്തുത എസ്റ്റേറ്റിന്റെ അടുത്തുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഏക്കറാണു് ;

(സി) തിട്ടപ്പെടുത്തിയ ഭൂമി ആരെങ്കിലും കയ്യേറിയതായി കേൾക്കുണ്ടോ ;

(ഡി) അളന്നു തിട്ടപ്പെടുത്തിയ വനഭൂമിയിൽ ഉണ്ടായിരുന്ന വൃക്ഷങ്ങളുടെ എണ്ണം എടുത്തിട്ടുണ്ടോ;

(ഈ) ഉണ്ടെങ്കിൽ വിലപിടിപ്പുള്ള ഈട്ടിയും തേമ്പാവും എത്രയാണു്;

(എഫ്) തിട്ടപ്പെടുത്തിയ ഈട്ടിയും തേമ്പാവും മുറിച്ചതായി അറിവുകിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 455.56 ഏക്കർ.
(ബി) അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.
(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ഉടിക്കുന്നില്ല.
(എഫ്) ഇല്ല.

മെഡിക്കൽ കോളേജുകളിലെ നടത്തിപ്പിലേക്ക് നിയമിക്കുന്ന പരിശോധനാ ഉദ്യോഗസ്ഥൻ

* 355. [13] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ മെഡിക്കൽ കോളേജുകളിലേയും കാര്യക്ഷമമായ നടത്തിപ്പിലേക്ക് ഒരു പരിശോധനാ ഉദ്യോഗസ്ഥനെ നിയമിക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) ആ ഉദ്യോഗസ്ഥന്റെ യോഗ്യതയുടെ മാനദണ്ഡം എന്താണ് ;

(സി) ഇതിലേക്ക് പുറത്തിൽ നിന്നും ആരേയും വരുത്താതെ ഡിപ്പാർട്ടുമെന്റിൽ സീനിയോറിറ്റിയും യോഗ്യതയുമുള്ള ഒരാളെ നിയമിക്കാൻ ശ്രദ്ധിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ, ബി, സി) ഈ കാര്യങ്ങളും ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

സ്വകാര്യ വനങ്ങൾ

* 356. [14] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വനങ്ങൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് കേരളപ്പിറവി മുതൽ ഇതുവരെ ഗവണ്മെന്റ് എടുത്ത നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ വിഷയത്തിൽ ഇത്രയും കാലതാമസം വരാൻ കാരണമെന്ത്;

(സി) ഇതുസംബന്ധമായ നിയമനിർമ്മാണം എന്ന് ഉണ്ടാകും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സ്വകാര്യവനങ്ങൾ ഏറ്റെടുക്കുന്നതിനായി ഒരു കരടുബില്ല് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ നാനാവശങ്ങളേയും പറ്റി കേന്ദ്രഗവണ്മെന്റ് നൽകിയ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ അവധാനപൂർവ്വം ചർച്ച ചെയ്ത് കരടുബില്ലിനു് അവസാനരൂപം നൽകിക്കഴിഞ്ഞു. ആയതു കേന്ദ്രഗവണ്മെന്റിന്റെ അനുവാദത്തിനായി അയച്ചിരിക്കയുമാണ്.

(ബി) പുനഃപരിശോധനയുടെ ഫലമായി ചില മാറ്റങ്ങൾ വേണ്ടിവന്നതിനാലാണ് കാലതാമസമുണ്ടായത്.

(സി) കേന്ദ്രഗവണ്മെന്റിന്റെ അനുവാദം തക്കസമയത്തു് ലഭിക്കുകയാണെങ്കിൽ നിയമസഭയുടെ ഈ സമ്മേളനത്തിൽത്തന്നെ അവതരിപ്പിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly